**ശ്രദ്ധ ക്ഷണിക്കൽ**

1. റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധികൾ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കേരളത്തിലെ റബ്ബർ കർഷകർ ഇന്ന് ഒരു നിലനിൽപ്പിനായുള്ള പോരാട്ടത്തിലാണ്. കേരളത്തിൽ പതിനൊന്നര ലക്ഷത്തോളം റബ്ബർ കർഷകർ അഞ്ചര ലക്ഷത്തോളം ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നുണ്ടെന്നാണ് കണക്ക്. ആ കർഷകരും അവരുടെ ആശ്രിതരും ആ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുമടക്കം ഏതാണ്ട് 5000000 പേരുടെ ഉപജീവന മാർഗ്ഗമാണ് കേരളത്തിലെ റബ്ബർ കൃഷി. ആ മേഖല വലിയ പ്രതിസന്ധിയിലെത്തി നിൽക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റമടക്കമുള്ള വിലനിലവാര സൂചിക പ്രകാരം കഴിഞ്ഞ പത്ത് വർഷംകൊണ്ട് വില വർദ്ധനവ് ഇരട്ടിയായപ്പോൾ റബ്ബറിന്റെ കാര്യത്തിൽ 2011-ൽ 238 രൂപ വരെ വിലയുണ്ടായിരുന്നത് ഇന്ന് 140 രൂപയിലേയ്ക്ക് താഴ്ന്ന ഒരു സ്ഥിതിയാണ്. ഇത് കഴിഞ്ഞ പത്ത് വർഷംകൊണ്ട് സംഭവിച്ച വലിയ പ്രതിസന്ധിയാണ്. റബ്ബർ മേഖലയുമായി ചിന്തിക്കുമ്പോൾ ഏഴ് വർഷത്തെ ഉല്പാദനച്ചെലവ്, പരിപാലനച്ചെലവടക്കം 172 രൂപ ഒരു കിലോഗ്രാം ഷീറ്റ്

ഉല്പാദിപ്പിക്കുമ്പോൾ ഉണ്ടാകുന്നുവെന്നാണ് റബ്ബർ ബോർഡിന്റെ കണക്കുകൾ സൂചിപ്പിക്കുന്നത്. കൃഷിയായാലും ബിസിനസ്സായാലും ഉല്പാദന ചെലവ് കൂടാതെ 50 ശതമാനത്തിലധികം മൂല്യവർദ്ധനവ് ലഭിച്ചാൽ മാത്രമെ ആദായകരമായി ആ മേഖല നിലനിൽക്കുകയുള്ളൂവെന്നാണ് കണക്ക്. അപ്രകാരമാണെങ്കിൽ റബ്ബറിന് 258 രൂപ വില ലഭിക്കേണ്ടതാണ്. ദൗർഭാഗ്യവശാൽ വില 140 രൂപയിൽ എത്തിനിൽക്കുന്ന ഒരു സ്ഥിതിയാണ്. കേന്ദ്ര ഗവൺമെന്റും അതിന്റെ നയങ്ങളുമാണ് ഈ സ്ഥിതിയിലേയ്ക്ക് കർഷകരെയെത്തിച്ചതെന്നുള്ളത് വ്യക്തമായ കാര്യമാണ്. യു.പി.എ. സർക്കാരിന്റെ കാലത്താരംഭിച്ച കർഷക ദ്രോഹ നടപടികൾ ഇന്ന് അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിയിരിക്കുകയാണ്. റബ്ബറിന്റെ ഇറക്കുമതി ചുങ്കം പിൻവലിച്ചതും തുറമുഖ നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞതും ആസിയാൻ കരാറിൽ കർഷക വിരുദ്ധ വ്യവസ്ഥകൾ എഴുതിച്ചേർത്തതുമൊക്കെ അതിന്റെ ഉദാഹരണമാണ്. കേന്ദ്ര ഗവൺമെന്റ് കാർഷിക രംഗത്തെ കർഷകരോട് നിഷേധാത്മക നിലപാടാണ് വച്ചുപുലർത്തുന്നത്. ടയർ വ്യവസായികളെ സഹായിക്കാൻവേണ്ടി സേഫ്ഗാർഡ് ഡ്യൂട്ടി ടയറിന്റെ ഇറക്കുമതിയിൽ കേന്ദ്ര ഗവൺമെന്റ്

ഏർപ്പെടുത്തിയിട്ടുണ്ട്. പക്ഷെ കർഷകർക്കുവേണ്ടി ഒരു സഹായവും ചെയ്യാൻ തയ്യാറാകുന്നില്ല. അതിലുപരി കേരളത്തിലെ കർഷകർക്ക് ഏറ്റവും ദ്രോഹകരമാകുന്ന ഒരു സമീപനം സ്വീകരിച്ചുകൊണ്ട് നോർത്ത്-ഈസ്റ്റ് സംസ്ഥാനങ്ങളിലേയ്ക്ക് റബ്ബർ കൃഷിയാകെ പറിച്ചുനടാനുള്ള ശ്രമത്തിലാണ്. അവിടെ അഞ്ച് ലക്ഷം ഹെക്ടറിൽ റബ്ബർ കൃഷി വ്യാപിപ്പിക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. അതൊക്കെ നടക്കട്ടെ. പക്ഷെ, അതിനുവേണ്ടി കേന്ദ്രസർക്കാർ വ്യവസായികളുമായി ചേർന്ന് 1,100 കോടി രൂപ അവിടുത്തെ കർഷകർക്ക് പലിശരഹിത വായ്പ നൽകാൻവേണ്ടി മാത്രം ഇപ്പോൾ നീക്കിവച്ചിരിക്കുകയാണ്. പക്ഷെ, കേരളത്തിലേയ്ക്ക് ആ സംരക്ഷണത്തിന്റെ കരങ്ങൾ എത്തുന്നില്ല എന്നതാണ് ഈ ഇരട്ടത്താപ്പിന്റെ പ്രതിഫലനം. ഇതടക്കം നിഷേധാത്മക നയങ്ങളുമായി മുന്നോട്ടുപോകുമ്പോഴും കേരളാ ഗവൺമെന്റ് ആശ്വാസകരമായ നടപടികൾ സ്വീകരിക്കുന്നുണ്ടെന്നത് പറയാതിരിക്കാൻ സാധിക്കില്ല. യശ:ശ്ശരീരനായ ഞങ്ങളുടെ നേതാവ് മാണിസാറിന്റെ കാലത്താരംഭിച്ച റബ്ബർ വില സ്ഥിരതാ ഫണ്ട് 150 രൂപയായിരുന്നത് 170 രൂപയായി വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റാണ്. അതുപോലെതന്നെ കോട്ടയം ജില്ലയിലെ വെള്ളൂരിൽ

എച്ച്.എൻ.എൽ.-ന്റെ സ്ഥലത്ത് കേരള റബ്ബർ ലിമിറ്റഡ് ആരംഭിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികളും കർഷകർക്ക് ആശ്വാസകരമാണ്. പക്ഷെ, പ്രതിസന്ധി ഒഴിയുന്നില്ലെന്നുള്ള വലിയ സാഹചര്യത്തിലാണ് ഇപ്പോഴും മുമ്പോട്ടുപോകുന്നത്. അക്കാര്യത്തിൽ കുറേക്കൂടി ആശ്വാസകരമായ നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. വില സ്ഥിരതാ ഫണ്ട് 170 രൂപയെന്നുള്ളത് ഏറ്റവും ചുരുങ്ങിയ 200 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. അതിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായം അഭ്യർത്ഥിക്കേണ്ടതുണ്ട്. അതുപോലെതന്നെ ക്രമ്പ് റബ്ബറിന്റെ ഇറക്കുമതിയടക്കം നിരോധിക്കാനും റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കാനും വെട്ടിക്കുറച്ച സബ്സിഡി പുനഃസ്ഥാപിക്കാനും കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. ഇക്കാര്യങ്ങളിലൊക്കെ കേന്ദ്ര ഗവൺമെന്റിൽ നിന്നുവേണം കർഷകർക്ക് അനുകൂലമായ നടപടിയുണ്ടാകേണ്ടത്. ഒരു കാര്യം കൂടി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കാം. നൽകുന്ന വില സ്ഥിരതാ ഫണ്ടിലെ ചെറിയ ഒരു അപാകതകൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ലാറ്റക്സും ഷീറ്റ് റബ്ബറും രണ്ടായി കണക്കാക്കപ്പെടുന്ന ഒരു സ്ഥിതിയുണ്ട്. അതായത് ഷീറ്റ്

റബ്ബറിന് റബ്ബർ ബോർഡ് നിശ്ചയിക്കുന്ന വിലയ്ക്കനുസൃതമായാണ് വില സ്ഥിരതാ ഫണ്ടിലെ ആനുകൂല്യം ലഭിക്കുന്നത്. പക്ഷെ ലാറ്റക്സിന് ആ വില ലഭിക്കുന്നില്ല. ഉദാഹരണത്തിന് ഷീറ്റ് റബ്ബറിന് ഇന്ന് റബ്ബർ ബോർഡ് നിശ്ചയിച്ചിരിക്കുന്നത് 143 രൂപയാണ്. പക്ഷെ, ലഭിക്കുന്ന വിപണി വില 138 രൂപയാണ്. അപ്പോൾ 143 രൂപയും 170 രൂപയുമായുള്ള വിലവ്യത്യാസം ഷീറ്റ് വിൽക്കുന്നവർക്ക് ലഭിക്കുമ്പോൾ ലാറ്റക്സ് വിൽക്കുന്നവർക്ക് ഇന്നത്തെ വില 120 രൂപയും കർഷകർക്ക് ലഭിക്കുന്നത് 110 രൂപയുമാണ്. യഥാർത്ഥത്തിൽ ലാറ്റക്സ് വിൽക്കുന്നവർക്ക് ഇന്ന് 41 രൂപ ഇൻസെന്റീവ് സ്കീമിൽനിന്ന് ലഭിക്കാൻ അർഹതയുണ്ട്. പക്ഷെ ലഭിക്കുന്നത് 141 രൂപയും കൈകാര്യച്ചെലവായ 9 രൂപയും കഴിച്ചുള്ള തുക മാത്രമാണ്. ലാറ്റക്സ് വിൽക്കുമ്പോൾ ഒരു മന്തിലി സീലിംഗുണ്ട്, ഏത് മാസമാണോ വിൽക്കുന്നത് ആ മാസം ഒരു ഹെക്ടറിന് 150 രൂപയാണ്. പക്ഷെ ലാറ്റക്സ് അതത് മാസം വിൽക്കാൻ സാധിക്കില്ല. ആ മന്തിലി സീലിംഗ് കൂടി മാറ്റിക്കൊണ്ട്, ലാറ്റക്സിലും ഷീറ്റ് വിൽക്കുമ്പോഴുമുള്ള വില വ്യത്യാസത്തിന്റെ അപാകതകൂടി പരിഹരിക്കണമെന്നും വില സ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട്

നിർത്തുന്നു. (......മൈക്ക് ഓഫ്...)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് 2015 മുതൽ സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. ഈ പദ്ധതി നടപ്പിലാക്കിയതുവഴി കർഷകർക്ക് റബ്ബറിന് താങ്ങുവില ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില, റബ്ബറിന്റെ ഉൽപ്പാദനച്ചെലവ് പരിഗണിച്ച് 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില 170 രൂപയിൽനിന്ന് 200 രൂപയായി ഉയർത്തുന്നതിന് കേന്ദ്രസഹായം ആവശ്യമാണ്. താങ്ങുവില വർദ്ധിപ്പിക്കുന്നതിന് സസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അത് പരിഗണിച്ചിട്ടില്ല. റബ്ബറിന്റെ വിലയിടിവ് കാരണം ബുദ്ധിമുട്ടുന്ന റബ്ബർ കർഷകർക്ക് ഗുണപ്രദമാകുന്ന രീതിയിൽ താങ്ങുവില വർദ്ധിപ്പിച്ചും ധനസഹായം

മുടക്കമില്ലാതെയും കുടിശ്ശികയില്ലാതെയും ലഭ്യമാക്കുക എന്നുള്ളതിനാണ് സർക്കാർ മുൻഗണന നൽകിവരുന്നത്. 27-11-2022 വരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേയ്ക്ക് സമർപ്പിച്ച എല്ലാ ബില്ലുകളിന്മേലും സബ്സിഡി അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ നാളിതുവരെ 1777.22 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ കർഷകരുടെ 2022 ഒക്ടോബർ മാസം വരെയുള്ള ബില്ലുകളുൾപ്പെടും. കേന്ദ്രസർക്കാരിന്റെ കരട് റബ്ബർ നിയമ ഭേദഗതി നിർദ്ദേശങ്ങളിന്മേൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിക്കുകയും റബ്ബർ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്ന വ്യവസ്ഥകളായിരിക്കണം നിയമത്തിലുൾപ്പെടുത്തേണ്ടതെന്നും പുതിയ ബില്ലിൽ പറഞ്ഞിരിക്കുന്ന റബ്ബർ പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ഫണ്ടിന്റെ 30 ശതമാനം റബ്ബർ കർഷകർക്ക് സബ്സിഡിക്കും ഇൻസെന്റീവുകൾക്കുമായി ഉപയോഗിക്കണമെന്നും ഇറക്കുമതി ചെയ്യുന്ന റബ്ബറിന്റെ വില നിയന്ത്രിക്കാനായി നിയമത്തിൽ ഒരു ക്ലോസ് ഉൾപ്പെടുത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതാണ് ശ്രദ്ധക്ഷണിക്കലിൽ

ഉന്നയിച്ച പ്രധാനപ്പെട്ട കാര്യങ്ങളിൽ സർക്കാർ ചെയ്തിട്ടുള്ളത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, കേരള സർക്കാർ കർഷകർക്കനുകൂലമായി സ്വീകരിക്കുന്ന നടപടികൾ ആശ്വാസകരമാണ്. എങ്കിലും രണ്ട് കാര്യങ്ങൾക്കുകൂടി നടപടിയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വിലസ്ഥിരതാ ഫണ്ട് കുറച്ചുകൂടി വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; ഇറക്കുമതി നിയന്ത്രിക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ? ഈ രണ്ട് കാര്യങ്ങളിലും ശക്തമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അടുത്ത കാലത്താണ് റബ്ബറിന്റെ വിലയുടെ കാര്യത്തിൽ വീണ്ടും മാന്ദ്യമുണ്ടായത്. കഴിഞ്ഞ കുറേ നാളുകളായി 170 രൂപയുടെ അടുത്തേയ്ക്കെത്തിയിരുന്നു. എന്നാൽ ഇപ്പോൾ റബ്ബറിന്റെ വില വളരെ താഴോട്ടുവന്നിട്ടുണ്ട്. ഫലവൃക്ഷ ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ ഇന്നലെയും മിനിഞ്ഞാന്നുമുള്ള രണ്ട് സബ്മിഷനുകൾക്ക് കൃഷി വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ റബ്ബറിന്റെ കാര്യവും പറഞ്ഞിട്ടുണ്ട്. കൃഷിക്കാർക്ക് കുറച്ചുകൂടി വില ലഭിക്കാനുള്ള ചില സ്റ്റെപ്പുകളെടുക്കുന്നുണ്ട്. കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ ചലിക്കുന്നില്ലെന്ന് മാത്രമല്ല,

കേരളത്തിനകത്ത് റീപ്ലാന്റ് ചെയ്യുന്നതിനുള്ള റേറ്റും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ച് നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങളിലുള്ള റേറ്റും തമ്മിൽ വ്യത്യാസമുണ്ട്. അതോടൊപ്പം ഇന്ത്യയ്ക്കകത്തുൽപ്പാദിപ്പിക്കുന്ന റബ്ബറിന് ഒരു പർട്ടിക്കുലർ ക്വാളിറ്റി നിശ്ചയിക്കുമ്പോൾ അതുവേണമെന്ന ചില നിബന്ധനകൾ പറയുമ്പോഴും ഇന്ത്യക്ക് പുറത്തുനിന്നും ചിരട്ടപ്പാൽ ഉൾപ്പെടെ ബ്ലോക്ക് റബ്ബറായി, യാതൊരു നിയന്ത്രണവുമില്ലാതെ കൊണ്ടുവരുന്നുണ്ട്. എന്തായാലും സംസ്ഥാനം അതിശക്തമായി അക്കാര്യങ്ങൾ നിയന്ത്രിക്കാനുള്ള ആവശ്യങ്ങളുന്നയിക്കുന്നതാണ്. കഴിഞ്ഞ തവണ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കണ്ടപ്പോഴും സബ്സിഡിയുടെ കാര്യത്തിൽ പ്രത്യേക ആനുകൂല്യങ്ങൾ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബറിന്റെ ഉൽപ്പാദനത്തോടൊപ്പം ഉപഭോഗം വർദ്ധിപ്പിക്കാനും കുറേയേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. റബ്ബറിന്റെ ആവശ്യം കൂടുതലായി വരുന്ന തരത്തിലേയ്ക്ക് റബ്ബറൈസ്ഡ് റോഡുപോലുള്ള കാര്യങ്ങൾക്ക് റബ്ബർ ഉപയോഗിക്കണം. അതിന് സംസ്ഥാന ബഡ്ജറ്റിൽ 50 കോടി രൂപ ഒരു പരീക്ഷണാടിസ്ഥാനത്തിൽ മാറ്റിവച്ചിട്ടുണ്ട്. റിസർച്ചിനുവേണ്ടി എം.ജി.

യൂണിവേഴ്സിറ്റിയിൽ അവർ ചർച്ച ചെയ്തിട്ടുണ്ട്. റബ്ബർ ഇന്ത്യയിലാകെ ഉപയോഗിക്കുകയാണെങ്കിൽ കുറച്ചുകൂടി ഡിമാന്റ് വരും. റബ്ബർ മേഖലയിൽ വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറിയുടെ സ്ഥലം ഏറ്റെടുത്തിടത്ത് കേരള റബ്ബർ പ്രൊഡ്യൂസിംഗ് കമ്പനി എന്നൊരു പുതിയ കമ്പനി രൂപീകരിച്ചിട്ടുണ്ട്. അതിനാവശ്യമായ പണവും അനുവദിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ടെങ്കിലും കേന്ദ്രസർക്കാരിന്റെ നിലപാടാണ് പ്രധാന പ്രശ്നം. ഉൽപ്പാദനത്തിന്റെ കാര്യത്തിൽ 90-95 ശതമാനവും കേരളത്തിലുണ്ടാകുന്ന ഉൽപ്പന്നമെന്ന നിലവരുന്നതോടെ റബ്ബർ മേഖലയ്ക്ക് കുറച്ചുകൂടി ബുദ്ധിമുട്ടുകൾ വരുന്ന സ്ഥിതിയാണ് ഇപ്പോൾ കാണുന്നത്. റബ്ബറിന് വ്യവസായത്തിന്റെ പരിഗണന വരുമ്പോൾ കൃഷിയുടെ പല പരിഗണനയും അതിന് ലഭിക്കില്ല. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ ലാറ്റക്സിന്റെയും റബ്ബറിന്റെയും പ്രശ്നങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും അതിശക്തമായി അക്കാര്യങ്ങളിലിടപെടാനും ശ്രമിക്കാം. റബ്ബറിന്റെ താങ്ങുവില 170 രൂപയെന്ന് പറയുന്നത് വളരെ കുറഞ്ഞ വിലയല്ല. പക്ഷേ, കുറച്ചുകൂടി വില ലഭിക്കേണ്ടതാണ്. 250 രൂപ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും 200 രൂപയെങ്കിലും ആക്കാനുള്ള ഗ്യാപ് എങ്കിലും തരണമെന്ന നിലയിലേയ്ക്കുള്ള

കേരളത്തിന്റെ ആവശ്യം വീണ്ടും അതിശക്തമായി കേന്ദ്രസർക്കാരിനോട് ഉന്നയിക്കാം. നവംബർ മാസം 27 വരെ അപ്‌ലോഡ് ചെയ്ത എല്ലാ ബില്ലുകളും സർക്കാർ കൊടുത്തിട്ടുണ്ട്. കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്താൻ എം.പി.-മാരുൾപ്പെടെ അക്കാര്യത്തിൽ സജീവമായി ഇടപെടാനുള്ള ശ്രമങ്ങളുണ്ടാകണം. അതിശക്തമായി ഇക്കാര്യങ്ങൾ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടാം.

(2) പി.എസ്.സി.-യുടെ പുതിയരീതിയിലുള്ള പരീക്ഷാ നടത്തിപ്പ്

ശ്രീ. ഷാഫി പറമ്പിൽ: സർ, സംസ്ഥാനത്തെ ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് സ്ഥിരം ജോലിയിലേയ്ക്ക് വഴിയൊരുക്കേണ്ട പി.എസ്.സി.-യും താല്ക്കാലിക നിയമനം നടത്താനൊരുങ്ങുന്നു എന്നുള്ളതാണ് കഴിഞ്ഞ ദിവസം പത്രത്തിൽവന്ന വാർത്ത. അസിസ്റ്റന്റ് തസ്തികയിലെ പത്ത് ഒഴിവുകളിലേയ്ക്ക് താല്ക്കാലിക നിയമനം നടത്താൻ പി.എസ്.സി. ഇന്റർവ്യൂ നടത്തി. പി.എസ്.സി.-യിലേയ്ക്ക് അസിസ്റ്റന്റ് നിയമനം നടത്തേണ്ട തസ്തികയുടെ റാങ്ക് ലിസ്റ്റ് ഏപ്രിൽ 8-ന് അവസാനിച്ച സാഹചര്യത്തിലാണ് ഇതുണ്ടാകുന്നത്. പി.എസ്.സി.-യിൽപ്പോലും താല്ക്കാലിക ജീവനക്കാരെ നിയമിക്കേണ്ട അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ

പോകുന്നവെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ പി.എസ്.സി.-യിൽ ആദ്യം പ്രാഥമിക പരീക്ഷ നടത്തിയതിനുശേഷം മെയിൻ പരീക്ഷ നടത്താൻ തീരുമാനിച്ചു. അതിന്റെ എല്ലാ ന്യായീകരണങ്ങളും നിലനിൽക്കുമ്പോഴും ഉദ്യോഗാർത്ഥികൾക്ക് വലിയ ബുദ്ധിമുട്ടുകളുണ്ടാവുകയാണ്. ഒരു ലിസ്റ്റിൽനിന്ന് പുറത്തായാൽ സമാനയോഗ്യതയുള്ള തസ്തികകളിലേയ്ക്ക് പരീക്ഷ എഴുതാൻ അവർക്ക് അവസരം ലഭിക്കുന്നില്ല. അഞ്ചും ആറും ഘട്ടങ്ങളിലായി പരീക്ഷ നടത്തുമ്പോൾ ചില ഘട്ടങ്ങളിലെ പരീക്ഷ വളരെ പ്രയാസമായി വരും. ചില ഘട്ടങ്ങളിലെ പരീക്ഷ എളുപ്പമുള്ളതാകുമ്പോൾ പ്രയാസമുള്ള ഘട്ടങ്ങളിലെ പരീക്ഷ എഴുതുന്ന ആളുകൾ കൂട്ടത്തോടെ അതിൽനിന്ന് പുറത്താവുകയാണ്. അങ്ങനെ കൂട്ടത്തോടെ അവർ പുറത്തായാൽ മൂന്നോ നാലോ വർഷത്തേയ്ക്ക് പിന്നീട് വരുന്ന നൂറുകണക്കിന് പോസ്റ്റുകളിലേയ്ക്ക് അപേക്ഷിക്കാനോ, പരീക്ഷ എഴുതാനോ കഴിയാത്ത തരത്തിൽ അവർ ആ സിസ്റ്റത്തിൽ നിന്ന് പുറത്തുപോകുന്ന സാഹചര്യമാണുണ്ടാകുന്നത്. ഇത് ഗൗരവമായി പരിഗണിക്കേണ്ട കാര്യമാണ്. ഇപ്പോൾ മൂന്നും അഞ്ചും ഘട്ടത്തിൽ നടന്ന പരീക്ഷയെ

സംബന്ധിച്ച് വ്യാപക പരാതിയാണ്. ഒന്നും രണ്ടും നാലും ഘട്ടങ്ങളിലെ പരീക്ഷ എഴുതിയ ആളുകൾക്ക് കയറാനും മൂന്നും അഞ്ചും ഘട്ടങ്ങളിലെ പരീക്ഷ എഴുതിയവർ കൂട്ടത്തോടെ പുറത്തുനിൽക്കേണ്ട അവസ്ഥയുണ്ടാകുമെന്ന ആശങ്ക അവരിലുണ്ടാവുകയാണ്. ഇത് ഉദ്ദേശിക്കുന്ന ഗുണമുണ്ടാകുന്നില്ലെന്നുമാത്രമല്ല പല റാങ്ക് ലിസ്റ്റുകളും ഇല്ലാതാകുന്ന അവസ്ഥയുണ്ടാകുന്നു. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്, കമ്പനി/കോർപ്പറേഷൻ/ ബോർഡ് ലാസ്റ്റ് ഗ്രേഡ്, ബിവറേജസ് കോർപ്പറേഷൻ അസിസ്റ്റന്റ്, ബിവറേജസ് കോർപ്പറേഷൻ എൽ.ഡി.സി. എന്നിവയുടെ റാങ്ക് ലിസ്റ്റ് നിലവിലില്ല. കമ്പനി/കോർപ്പറേഷൻ/ബോർഡ് അസിസ്റ്റന്റിന്റെ രണ്ട് റാങ്ക് ലിസ്റ്റുകളും ഡിസംബർ 30-ന് റദ്ദാവുകയാണ്. പുതിയ ലിസ്റ്റ് നിലവിലില്ല. സിവിൽ പോലീസ് ഓഫീസറിന്റെ മുൻ റാങ്ക് ലിസ്റ്റ് റദ്ദായിട്ട് രണ്ടുവർഷം കഴിഞ്ഞു. എസ്.ഐ., ഫയർമാൻ, അസിസ്റ്റന്റ് ജയിലർ, എക്സൈസ് ഇൻസ്പെക്ടർ എന്നിവയുടെ റാങ്ക് ലിസ്റ്റില്ല. എൽ.ഡി.സി., എൽ.ജി.എസ്. എന്നിവയുടെ റാങ്ക് ലിസ്റ്റ് കൃത്യമായ ഇടവേളകളിൽ വന്നിരുന്നത് ഇപ്പോൾ വരാതായി. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുമ്പോൾ താല്ക്കാലിക നിയമനം കൊടുക്കാൻ പാടില്ലെന്നാണ്

പറയുന്നത്. പക്ഷേ ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യമാണ്. ലിസ്റ്റ് നിലവിലുള്ള അവസ്ഥ നോക്കാം. 2022-ലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിന്റെ കാര്യത്തിൽ പല വകുപ്പുകളും പത്തും ഇരുപത്തിയഞ്ചും ശതമാനം വേക്കൻസി റിപ്പോർട്ട് ചെയ്യുണ്ടെന്ന് ഓറലായി നിർദ്ദേശം കൊടുത്തിരിക്കുകയാണ്. ഉദ്യോഗാർത്ഥികൾ അതിന്റെ പിന്നാലെ നടന്ന് വിവരാവകാശം കൊടുത്ത് ഓരോ ഉദ്യോഗസ്ഥരെ കാണുമ്പോഴും അവരോട് വളരെ നെഗറ്റീവായ അപ്രോച്ചാണുള്ളത്. ജി.എസ്.ടി.-യിൽ റീ-സ്ട്രക്ചറിംഗ് നടക്കുന്നുവെന്ന പേരിൽ അവിടത്തെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ല. കമ്പനി/ബോർഡ്/കോർപ്പറേഷനിലെ 399/2017, 400/2017 എന്നീ രണ്ട് ലിസ്റ്റുകളിലും ഒരേ ആളുകൾ വന്നിട്ടുണ്ട്. 400/2017-ലെ ലിസ്റ്റിൽനിന്നും നിയമനവും നടക്കുന്നില്ല. എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കാലതാമസം വരുമ്പോൾ പ്രായപരിധിക്കകത്ത് അവസരം ലഭിക്കേണ്ട ആളുകൾ ഇതിൽനിന്ന് പുറന്തള്ളപ്പെടുന്ന പ്രയാസമാണ് അവർ പങ്കുവയ്ക്കുന്നത്. കെ.എസ്.ഇ.ബി.എൽ.-ൽ നൂറുദിന കർമ്മ പദ്ധതിയിലുൾപ്പെടുത്തി 436 ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചതാണ്. 218 പേർക്ക് തൊഴിൽ

കൊടുത്തതോടെ അത് നിർത്തിവച്ചു. സ്മാർട്ട് മീറ്ററിന്റെയും മറ്റും പേരുപറഞ്ഞ് നിയമനം നിർത്തിവച്ചതിന്റെ പേരിൽ റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഇതിന്റെ പുറകെ നടക്കാൻ തുടങ്ങിയിട്ട് എത്രയോ വർഷങ്ങളായി. അവർക്ക് സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയിൽ തൊഴിൽ കൊടുക്കുമെന്ന് ഉറപ്പുപറഞ്ഞിരിക്കുന്ന സാഹചര്യമാണ് റദ്ദ് ചെയ്യപ്പെടുന്നത്. ലാബ് ടെക്നീഷ്യന്റെ എൻട്രി കേഡർ പോസ്റ്റുകൾ വെട്ടിക്കുറച്ചു. റാങ്ക് ലിസ്റ്റിലുള്ള ആളുകൾക്ക് നിയമനം ലഭിക്കുന്നില്ല. ഫാർമസിസ്റ്റ് ഗ്രേഡ് II-ന് 1961-ലെ പാറ്റേൺ ആണ്. ഇപ്പോഴത്തെ ഒഴിവുകൾ ലഭിക്കുന്നില്ല. സ്ഥാപനങ്ങളിൽ പലയിടത്തും ഈ പോസ്റ്റില്ലെന്നുള്ള അവസ്ഥയാണ്. ലിസ്റ്റ് നിലവിൽ വന്ന് ഒരു വർഷമായിട്ടും നഴ്സുമാരുടെ നിയമനം കാര്യമായി നടക്കുന്നില്ല. പക്ഷേ, താല്ക്കാലിക നിയമനം ചാകരപോലെ നടന്നുകൊണ്ടിരിക്കുകയാണ്. ലിസ്റ്റിലുള്ള ആളുകൾ കാത്തുനിൽക്കുന്നു എന്നുള്ളത് ഗൗരവത്തോടെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. അതുപോലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-വിന്റെ കാര്യം ഇവിടെ പറഞ്ഞു. മാർച്ച് 23-ന് ആ ലിസ്റ്റിന്റെ കാലാവധി അവസാനിക്കുകയാണ്. 2019-ൽ നോട്ടിഫിക്കേഷൻ വന്ന

എൽ.ഡി. ക്ലാർക്ക് (വിവിധം) തസ്തികയിലേയ്ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്കുപോലും അഡ്വൈസ് അയയ്ക്കാത്ത സാഹചര്യം പല സ്ഥലങ്ങളിലുമുണ്ടാകുന്നു. സപ്ലൈകോയിൽ അസിസ്റ്റന്റ് സെയിൽസ് മാനായി എത്ര ആളുകളെയാണ് താല്ക്കാലികമായി നിയമിക്കുന്നത്. എന്നാൽ ലിസ്റ്റിൽനിന്ന് ജോലി കൊടുക്കാൻ തയ്യാറാകുന്നില്ല. പി.എസ്.സി.-യുടെ ഫീൽഡ് വർക്കേഴ്സിന്റെ കാര്യത്തിൽ അപേക്ഷ കൊടുത്ത് പരീക്ഷയെല്ലാം കഴിഞ്ഞിട്ടും വിജ്ഞാപനത്തിൽ മാറ്റം വരികയാണ്. നാല് ശതമാനം ഭിന്നശേഷിക്കാരായ ആളുകൾക്ക് പ്രൊമോഷൻ പോസ്റ്റ് കൊടുക്കണമെന്നുള്ളത് സുപ്രീംകോടതിയുടെ വിധിയാണ്. കേരളം ഇതുവരെ അത് നടപ്പിലാക്കുന്നില്ല. ഹോമിയോ, ആയുർവ്വേദ മെഡിക്കൽ ഓഫീസർ തസ്തികകളിലൊക്കെ ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾ നേരിടുകയാണ്. ഒരു പറ്റം ലിസ്റ്റുകൾ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, പോലീസ് കോൺസ്റ്റബിൾ, വിമൺ പോലീസ് കോൺസ്റ്റബിൾ, ഡ്രൈവർ (വിവിധം), കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ട്രേഡ്സ്മാൻ, ലക്ചറർ ഇൻ പോളിടെക്നിക്സ് തുടങ്ങിയവയുടെ ലിസ്റ്റ് നിലവില്ലാത്ത അവസ്ഥയാണ്. ഇത് ഗൗരവമായി പരിശോധിച്ച് ജോലിയുടെ യോഗ്യത നിശ്ചയിക്കുന്നത്

പി.എസ്.സി.-യാണെന്നിരിക്കെ അതിലെ നിയമനം അട്ടിമറിക്കപ്പെടുന്ന സാഹചര്യമുണ്ടാകാതിരിക്കാനും ഗുരുതരമായ ഈ സാഹചര്യം ഒഴിവാക്കാനും അടിയന്തരമായി സർക്കാരിന്റെ പരിഷ്കരണത്തിന്റെ ഫലപ്രാപ്തി പഠിച്ച് ഉചിതമായ തീരുമാനമെടുക്കാൻ സർക്കാർ രംഗത്ത് വരണമെന്ന് പാവപ്പെട്ട ഉദ്യോഗാർത്ഥികൾക്കുവേണ്ടി അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വിവിധ തസ്തികകളിലേയ്ക്ക് നിയമനത്തിനുള്ള തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി കാലവിളംബം കൂടാതെ റാങ്ക് പട്ടികകൾ പ്രസിദ്ധീകരിക്കുന്നതിന് ഫലപ്രദമായ നടപടികളാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചിട്ടുള്ളത്. കൂടുതൽ അപേക്ഷകരുള്ള തസ്തികകൾക്ക് 2021 മുതൽ പ്രാഥമിക പരീക്ഷയും മുഖ്യ പരീക്ഷയും നടത്തിവരുന്നു. പ്രധാനമായും 7-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയും പ്ലസ് ടു തലംവരെയും ഡിഗ്രി തലംവരെയും തിരിച്ചാണ് പ്രാഥമിക പരീക്ഷകൾ നടത്തുന്നത്. ചോദ്യങ്ങളും ഉത്തരങ്ങളും സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ ഉന്നയിക്കുന്ന പരാതികൾ പരിശോധിച്ച് പരിഹരിക്കാൻ വിദഗ്ദ്ധ സമിതി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രാഥമിക പരീക്ഷകൾക്കും

ബാധകമാണ്. കൂടുതൽ അപേക്ഷകരുള്ള തസ്തികകളിലേയ്ക്ക് ഒരു ഘട്ടമായി പരീക്ഷ നടത്തുന്നത് അസാധ്യമാകുന്ന സന്ദർഭങ്ങളിൽ ജില്ലതിരിച്ച് വിവിധ തീയതികളിലാണ് പരീക്ഷ നടത്തുന്നത്. ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിൽത്തന്നെ പരീക്ഷ എഴുതാനുള്ള അവസരവും ഇതിലൂടെ ലഭിക്കുന്നുണ്ട്. പരീക്ഷ കമ്മീഷൻ രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാർക്ക് ക്രമീകരണം നടത്തിയാണ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നത്. ഇതുസംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാക്കാറുണ്ട്. ഷോർട്ട് ലിസ്റ്റ്, റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുമ്പോൾ സംവരണ വിഭാഗങ്ങളുടെ ചട്ടപ്രകാരമുള്ള പ്രാതിനിധ്യം പി.എസ്.സി. ഉറപ്പുവരുത്തുന്നുണ്ട്. റാങ്ക് ലിസ്റ്റുകൾ കാലതാമസം വരുത്താതെ പ്രസിദ്ധീകരിക്കുന്നതിനും ഈ പരീക്ഷാ സമ്പ്രദായം സഹായകരമാണ്. പൊതു പ്രാഥമിക പരീക്ഷകളിൽ ഏർപ്പെടുത്തിയിട്ടുള്ള തസ്തികകളുടെ എണ്ണം, പരീക്ഷയിൽ പങ്കെടുത്ത ഉദ്യോഗാർത്ഥികളുടെ എണ്ണം, മുൻ റാങ്ക് പട്ടികയിലെ നിയമന ശിപാർശകളുടെ എണ്ണം, തെരഞ്ഞെടുപ്പ് നിർദ്ദേശം സമർപ്പിക്കുന്നതുവരെ റിപ്പോർട്ടുചെയ്ത ഒഴിവുകളുടെ എണ്ണം, എൻ.ജെ.ഡി., എൻ.സി.എ. ഒഴിവുകൾ, മുൻ റാങ്ക് പട്ടികയിലെ

relinquishment അപേക്ഷകളുടെ എണ്ണം, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള എൻ.സി.എ. കോമ്പൻസേഷൻ, മുൻ റാങ്ക് പട്ടികയിൽ നിന്നും നികത്താൻ കഴിയാത്ത ഭിന്നശേഷി വിഭാഗത്തിലെ ടേണുകളുടെ എണ്ണം മുതലായവ പരിഗണിച്ചാണ് സാധ്യതാ പട്ടികയിലെയും ചുരുക്ക പട്ടികയിലെയും ഉദ്യോഗാർത്ഥികളുടെ എണ്ണം നിശ്ചയിക്കുന്നത്. ഒരേ യോഗ്യതയെ അടിസ്ഥാനമാക്കി വിവിധ തസ്തികകളിൽ നിയമനം നടത്തേണ്ട സാഹചര്യമുണ്ട്. അത്തരം പരീക്ഷകളിൽ ഓരോന്നിലും ഉദ്യോഗാർത്ഥികൾ പ്രത്യേകം പ്രത്യേകം അപേക്ഷ നൽകുന്നുമുണ്ട്. ഇതുമൂലം ഓരോ തസ്തികകളിലെ നിയമനത്തിനും വലിയ എണ്ണം ഉദ്യോഗാർത്ഥികൾക്കായി ആവർത്തിച്ച് പരീക്ഷ നടത്തേണ്ടിവരുന്ന സാഹചര്യമുണ്ടായിരുന്നു. ഇത് സമയനഷ്ടത്തിനും റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതിനും വലിയ കാലതാമസത്തിന് കാരണമാകുന്നു. പരീക്ഷ നടത്തുമ്പോൾ അപേക്ഷകരിൽ ഗണ്യമായ എണ്ണംപേർ പരീക്ഷയ്ക്ക് ഹാജരാകാത്ത സ്ഥിതിയുമുണ്ട്. ഇതെല്ലാം കണക്കിലെടുത്താണ് പൊതുവായ യോഗ്യതയുള്ള തസ്തികകൾക്കായി പ്രാഥമിക പരീക്ഷകൾ നടത്തുന്നത്. പ്രാഥമിക പരീക്ഷകൾക്കുശേഷം ഓരോ തസ്തികയ്ക്കും മുഖ്യ പരീക്ഷകളും

നടത്തുന്നുണ്ട്. ആയതിനാൽ ഉദ്യോഗാർത്ഥികൾക്ക് എന്തെങ്കിലും തരത്തിലുള്ള അവസരനഷ്ടം ഉണ്ടാകുന്നില്ലെന്നുമാത്രമല്ല റാങ്ക് ലിസ്റ്റ് സമയബന്ധിതമായി തയ്യാറാക്കുന്നതിനും കഴിയും. ഇത്തരത്തിലുള്ള പരീക്ഷാ നടത്തിപ്പ് രണ്ടുതവണ പി.എസ്.സി. വിജയകരമായി പരാതികൾക്കിടയില്ലാത്തവിധം നടത്തിക്കഴിഞ്ഞു. ഇതുസംബന്ധിച്ച് ഉദ്യോഗാർത്ഥികളിൽനിന്നും പരാതികളൊന്നും പി.എസ്.സി.-ക്ക് ലഭിച്ചിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്. സുതാര്യമായ നടത്തുന്ന തെരഞ്ഞെടുപ്പ് നടപടികളിൽ ഉദ്യോഗാർത്ഥികൾക്ക് യാതൊരുവിധ ആശങ്കയ്ക്കും അടിസ്ഥാനമില്ല.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, അങ്ങേയ്ക്ക് അവർ എഴുതിത്തരുന്ന കാര്യങ്ങൾ തന്നെയാണോ നടക്കുന്നതെന്ന് പരിശോധന നടത്താൻ അങ്ങ് തയ്യാറാക്കണം. അനന്തമായ കാലതാമസം ഉണ്ടാകുന്നു. വേക്കൻസി റിപ്പോർട്ടിംഗാണ് ഏറ്റവും പ്രധാനപ്പെട്ട തലവേദനകളിൽ ഒന്നായി മാറുന്നത്. ശ്രീമതി നിഷ ബാലകൃഷ്ണൻ എന്ന യുവതിയുടെ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. നാല് സെക്കന്റിന്റെ പേരിലാണ് കാത്തുകാത്തിരുന്ന തൊഴിൽ ആ ഉദ്യോഗാർത്ഥിക്ക് നിഷേധിക്കപ്പെട്ടത്.

അതിന് ഒരു ന്യായീകരണവും നമുക്ക് ചമയ്ക്കാൻ കഴിയില്ല. വേക്കൻസി റിപ്പോർട്ടിംഗ് നടത്താൻ ഒരു Automatic Integrated Software System നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗൗരവമായ ആലോചനകൾ സർക്കാർ നടത്തുമോ; അത് automated ആയി റിപ്പോർട്ടഡ് ആകുമ്പോൾ ഇതിനുവേണ്ടി ഓടിനടന്ന് ഈപറയുന്നയാളുകളുടെ കാല് പിടിക്കേണ്ട അവസ്ഥ ഉദ്യോഗാർത്ഥികൾക്കുണ്ടാകുന്ന സാഹചര്യം ഒഴിവാകും. ഇതിനൊരു ഓട്ടോമാറ്റിക് സംവിധാനം നടത്താൻ കഴിയുന്നതേയുള്ളൂ. അത് നടത്താനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: ഈ ആധുനിക കാലത്ത് വേക്കൻസി റിപ്പോർട്ടിംഗിനെ സംബന്ധിച്ച് പരിഭ്രാന്തി ആവശ്യമില്ലാത്തതാണ്. ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന സംവിധാനത്തിൽ മാറ്റം വരേണ്ടതായിട്ടുണ്ട്. ഇപ്പോൾ സ്വീകരിക്കുന്ന സമ്പ്രദായം വേക്കൻസികൾ റിപ്പോർട്ട് ചെയ്യലാണ്. യഥാർത്ഥത്തിൽ ഒരാൾ സർവ്വീസിൽ പ്രവേശിക്കുമ്പോൾ ഏത് തീയതിയിൽ വിരമിക്കണമെന്നത് നിശ്ചയിച്ചുണ്ടാകും. മറ്റെന്തെങ്കിലും അടിയന്തര സാഹചര്യം വന്നാൽമാത്രമേ അതിൽ മാറ്റം ഉണ്ടാകുകയുള്ളൂ. ഇന്ന തീയതിയിൽ വിരമിക്കണമെന്ന് നേരത്തെതന്നെ തീരുമാനിക്കപ്പെട്ട

സാഹചര്യത്തിൽ അതിനനുസരിച്ച സോഫ്റ്റ്‌വെയർ തയ്യാറാക്കിയാൽ ഒരു ഘട്ടത്തിൽ എത്ര ഒഴിവുകൾ വരുമെന്ന് പി.എസ്.സി.-ക്ക് കൃത്യമായി മനസ്സിലാക്കാനും പ്രത്യേക റിപ്പോർട്ടിംഗിന്റെ ആവശ്യമില്ലാതെതന്നെ നടപടികൾ സ്വീകരിക്കാനും സാധിക്കും. പക്ഷെ അതുമായി ബന്ധപ്പെട്ട് ചില നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ആ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശം ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്.